# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ആഗസ്റ്റ് 13, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ജി.എസ്.ടി മൈഗ്രേഷൻ പൂർത്തിയാക്കാൻ ആഗസ്റ്റ് 31 വരെ അവസരം

തിരുവന്തപുരം: ജി.എസ്.ടി മൈഗ്രേഷൻ നടപടികൾ പൂർത്തീകരിയ്ക്കാത്ത വ്യാപാരികൾക്ക് മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കാൻ ആഗസ്റ്റ് 31 വരെ അപേക്ഷകൾ സമർപ്പിയ്ക്കാം.

വാറ്റ്, സർവീസ് ടാക്സ് തുടങ്ങിയ രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികൾക്കാണ് ജി.എസ്.ടി യിലേയ്ക്ക് മാറുന്നതിന് താൽക്കാലിക ഐഡി നൽകിയിരുന്നത്. താൽക്കാലിക ഐഡി ലഭിച്ചിട്ടും ജി.എസ്.ടി മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കാത്ത വ്യാപാരികൾക്കാണ് ഈ അവസരം നൽകിയിരിക്കുന്നത്. മൈഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത വ്യാപാരികൾ നിർദ്ദിഷ്ഠ മതൃകയിൽ അപേക്ഷ തയ്യാറാക്കി ജി.എസ്.ടി അധികാരിയ്ക്ക് നെരിട്ട് സമർപ്പിക്കണം. തുടർന്ന് ഓൺലൈനായി രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ജി.എസ്.ടി അധികാരി അംഗീകരിക്കുന്നതോടെ പുതിയ ജി.എസ്.ടി നമ്പർ വ്യാപാരിയുടെ ഇ–മെയിലിൽ ലഭിക്കും. തുടർന്ന് പുതുതായി ലഭിച്ച ജി.എസ്.ടി. നമ്പർ, ആക്സസ് ടൊക്കൺ, എ.ആർ.എൻ. നമ്പർ എന്നിവയും പഴയ ജി.എസ്.ടി നമ്പരും സെപ്തംബർ 30 ന് മുൻപായി migration@gstn.org.in എന്ന ഇ–മെയിൽ വിലാസത്തിൽ അയച്ച്

കൊടുക്കണം. മൈഗ്രേഷൻ പൂർത്തിയാക്കുന്ന വ്യാപരികൾക്ക് 2017 ജൂലൈ ഒന്ന് മുതൽ തന്നെ രജിസ്ട്രേഷൻ ലഭ്യമായതായി കണക്കാക്കാവുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ 31/2018 പ്രകാരമുള്ള കൂടുതൽ വിവരങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതിവകുപ്പിന്റെ ഫെയ്സ്ബുക്ക് പേജിൽ ലഭ്യമാണ്.